**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3786** **09-10-2025 - ൽ മറുപടിയ്ക്ക്**

**ഉന്നത വിദ്യാഭ്യാസ മേഖലയെ ലോകോത്തര നിലവാരത്തിലേക്കുയർത്തുന്നതിന് വികസിത രാജ്യങ്ങളുമായുള്ള സഹകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയെ ലോകോത്തര നിലവാരത്തിലേക്കുയർത്തുന്നതിനായി നൂതന വിജ്ഞാന ശാഖകളിൽ വികസിത രാജ്യങ്ങളുമായുള്ള സഹകരണം സാധ്യമാക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയെ ലോകോത്തര നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് വിദേശ രാജ്യങ്ങളിലെ സർവകലാശാലകളുമായി ഗവേഷണത്തിൽ ഏർപ്പെടുന്നതിന് FLAIR എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.<br><br>2025 അക്കാദമിക വർഷം തിരുവനന്തപുരം, യൂണിവേഴ്സിറ്റി കോളേജിലെ 4 വിദ്യാർത്ഥികൾക്ക് സർക്കാർ അനുമതിയോടെ ഇന്റേൺഷിപ്പ് നടത്തുന്നതിനുള്ള ധനസഹായം വകുപ്പ് തലത്തിൽ നൽകുകയും, തുക പ്രയോജനപ്പെടുത്തി വിദ്യാർത്ഥികൾ ദക്ഷിണ കൊറിയയിൽ പഠനം പൂർത്തീകരിക്കുകയും ചെയ്തിരുന്നു. കൂടുതൽ വിദ്യാർത്ഥികൾക്ക് പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതിനായി പദ്ധതി വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എറണാകുളം ലോ കോളേജ് അന്താരാഷ്ട്ര വിദ്യാർത്ഥി-അധ്യാപക സഹകരണത്തിനും ഗവേഷണ പ്രവർത്തനങ്ങൾക്കുമായി നെതർലാന്റിലെ Leiden University -യുമായി ഒരു Memorandum of Understanding (MoU) ഒപ്പുവച്ചിട്ടുണ്ട്.<br><br>എ.ക്യു.എഫ്. (ഓസ്ട്രേലിയൻ ക്വാളിഫിക്കേഷൻ ഫ്രെയിംവർക്) മാനദണ്ഡങ്ങൾ പാലിച്ച്, ഐ.ടി.രംഗത്തെ കോഴ്സുകൾ നടത്തുന്നതിനും എ.ക്യു.എഫ്. സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനുമായി, ഓസ്ട്രേലിയൻ സർക്കാർ അംഗീകൃത ഏജൻസിയായ ബി.എസ്.ഐ. ലേർണിംഗുമായി അസാപ് കേരള ധാരണാപത്രം ഒപ്പ വച്ചിട്ടുണ്ട്. കൂടാതെ യു.കെ. മാനദണ്ഡങ്ങൾക്ക് അനുസൃതമായി ഹെൽത്ത് കെയർ മേഖലയിൽ |

തൊഴിൽ കണ്ടെത്താനുതകുന്ന കെയർ സർട്ടിഫിക്കറ്റ് പ്രോഗ്രാം കോഴ്സും അസാപ് കേരള മുഖേന പഠിക്കാൻ അവസരമുണ്ട്.

കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഉന്നതവിദ്യാഭ്യാസ മേഖലയെ ലോകോത്തര നിലവാരത്തിലേക്ക് ഉയർത്തുക എന്ന ലക്ഷ്യത്തോടെ ചുവടെ ചേർത്തിട്ടുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

**1.എറുഡൈറ്റ് സ്കോളർ ഇൻ റെസിഡൻസ് പ്രോഗ്രാം:**

കോളേജുകളിലെയും സംസ്ഥാനത്തെ സർവകലാശാലകളിലെയും അക്കാദമിക് സമൂഹത്തിന് നൊബേൽ ജേതാക്കളടക്കമുള്ള അക്കാദമിക് വിദഗ്ധരുമായി ആശയ വിനിമയം നടത്തുന്നതിനും അതിലൂടെ അക്കാദമിക് നെറ്റ്‌വർക്ക് വികസിപ്പിക്കുന്നതിനുമായി വിഭാവനംചെയ്ത പദ്ധതി.

**2.ബ്രെയിൻഗെയിൻ:**

ലോകമെമ്പാടുമുള്ള പ്രശസ്ത സർവ്വകലാശാലകളിലും ഗവേഷണ സ്ഥാപനങ്ങളിലും പ്രവർത്തിക്കുന്ന അക്കാദമിക്കുകളായ മലയാളികളുടെ ഒരു സമഗ്ര ഡേറ്റാബെയ്സ് നിർമ്മിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതി.

**3.സ്റ്റഡി ഇൻ കേരള:-**

കേരളത്തെ ഒരു ഉന്നതവിദ്യാഭ്യാസ ഹബ്ബ് ആക്കി മാറ്റുന്നതിനും കൂടുതൽ വിദ്യാർത്ഥികളെ കേരളത്തിലേക്ക് എത്തിക്കുന്നതിനും ആവശ്യമായ കർമ്മപരിപാടികൾ ആവിഷ്കരിക്കുന്ന പദ്ധതി.

**4.ഉന്നതവിദ്യാഭ്യാസ കോൺക്ലേവ്: ഷേപ്പിംഗ് കേരളാസ് ഫ്യൂച്ചർ: ഇന്റർനാഷണൽ കോൺക്ലേവ് ഓൺ നെക്സ്റ്റ്-ജെൻ-ഹയർ എജ്യൂക്കേഷൻ:**

അന്താരാഷ്ട്ര തലത്തിലുള്ള ഉന്നതവിദ്യാഭ്യാസ രീതികളെയും പുതുതലമുറയിലെ ഉന്നതവിദ്യാഭ്യാസ സാധ്യതകളെയും കുറിച്ച് ആഴത്തിലും പരപ്പിലും ചർച്ച ചെയ്യുന്നതിനുവേണ്ടി 2025 ജനുവരി 14, 15 തീയതികളിൽ കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജിയിൽ (CUSAT) വച്ച് സംഘടിപ്പിച്ച അന്താരാഷ്ട്ര ഉന്നതവിദ്യാഭ്യാസ കോൺക്ലേവ്.

**5.സെന്റർ ഓഫ് എക്സലൻസ്:**

ഉന്നത വിദ്യാഭ്യാസ കൗൺസിലിനു കീഴിൽ 7 സെന്റർ ഓഫ് എക്സലൻസുകളും, കേരള സർവ്വകലാശാല

ക്യാമ്പസിൽ താണു പത്മനാഭൻ സെന്റർ ഓഫ് എക്സലൻസ് ഇൻ അസ്ട്രോണമി ആന്റ് ആസ്ട്രോഫിസിക്സ്, കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ സെന്റർ ഓഫ് എക്സലൻസ് ഇൻ ന്യൂറോഡീജനറേഷൻ ആന്റ് ബ്രെയിൻ ഹെൽത്ത്, മഹാത്മാഗാന്ധി സർവ്വകലാശാലയിൽ സെന്റർ ഓഫ് എക്സലൻസ് ഇൻ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി എന്നിവയും ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

**<u>6. വിദേശ സർവ്വകലാശാലകളുമായി ഒപ്പുവയ്ക്കുന്ന ധാരണാപത്രങ്ങൾ</u>** - 2025 ഫെബ്രുവരി 4-ാം തീയതിയിൽ സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ അമേരിക്കയിലെ പ്രശസ്തമായ യൂണിവേഴ്സിറ്റി ഓഫ് മിഷിഗൺ ഫ്ലിന്റുമായി അക്കാദമിക സഹകരണത്തിനായുള്ള ധാരണാപത്രത്തിൽ ഒപ്പുവച്ചു.

**<u>7. സ്കോളർ കണക്റ്റ് -</u>** പ്രവാസി അക്കാദമിക സമൂഹത്തെ ഉൾപ്പെടുത്തിക്കൊണ്ട് കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖല ശാക്തീകരിക്കുന്നതിനായി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപകൽപ്പന ചെയ്തിരിക്കുന്ന ഡിജിറ്റൽ പ്ലാറ്റ്ഫോമാണ് സ്കോളർ കണക്റ്റ്. ഓൺലൈൻ, ഓഫ്‌ലൈൻ രീതികളിലുള്ള ഗസ്റ്റ് പ്രഭാഷണങ്ങൾ, ഗവേഷണ സഹകരണങ്ങൾ, പാഠ്യപദ്ധതി വികസനം, അറിവ് പങ്കിടൽ എന്നിവ ഇത് പ്രാപ്തമാക്കുന്നു. തുല്യപ്രാപ്യതയാണ് ഒരു പ്രധാന സവിശേഷത. ഗ്രാമീണ കോളേജുകൾക്കും പ്രമുഖ സർവ്വകലാശാലകൾക്കും പ്രവാസി പണ്ഡിതരുടെ വൈദഗ്ധ്യം പ്രയോജനപ്പെടുത്താൻ കഴിയും. ഇത് സംസ്ഥാനത്തുടനീളമുള്ള സ്ഥാപനങ്ങൾക്ക് അവസരങ്ങൾ പ്രദാനം ചെയ്യും.

അന്താരാഷ്ട്ര പണ്ഡിതരുമായി വ്യവസ്ഥാപിതമായ ബന്ധം സൃഷ്ടിക്കുന്നതിലൂടെ, സ്കോളർ കണക്റ്റ് അക്കാദമിക് അന്താരാഷ്ട്രവൽക്കരണം പ്രോത്സാഹിപ്പിക്കുകയും ഗവേഷണ ദൃശ്യത വർദ്ധിപ്പിക്കുകയും വിദേശ വിദ്യാർത്ഥികളെ ആകർഷിക്കുകയും വിദേശത്ത് കേരളത്തിന്റെ അക്കാദമിക് സാന്നിധ്യം വളർത്തുകയും ചെയ്യും. പ്രവാസി സൗഹൃദത്തെ ശാശ്വത പങ്കാളിത്തങ്ങളാക്കി മാറ്റുകയും കേരളത്തെ ആഗോള ഉന്നത വിദ്യാഭ്യാസ ഹബ്ബാക്കി മാറ്റുകയും ചെയ്യുന്ന പ്രഥമ ചുവടുവയ്പാണിത്.

കൂടാതെ വിദേശസഹകരണവുമായി ബന്ധപ്പെട്ട് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സർവകലാശാലകൾ

| | | | |
|---|---|---|---|
| | | | സ്വീകരിച്ചിട്ടുള്ള നടപടികൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട തൊഴിൽ പരിശീലനം നൽകുന്നതിനായി അന്താരാഷ്ട്ര കമ്പനികളുമായി സഹകരിച്ച് ഇന്റേൺഷിപ്പ് പ്രോഗ്രാമുകൾ നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) | ഉണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.<br><br>അന്താരാഷ്ട്ര കമ്പനികളായ ഫണക്, ഡി സ്പേസ്, സിസ്റ്റോം എന്നിവയുമായി അസാപ് കേരള ധാരണയിൽ എത്തിയിട്ടുണ്ട്. എൻജിനീയറിങ് പഠിതാക്കൾക്ക് പ്രസ്തുത കമ്പനികളിൽ ഇന്റേൺഷിപ് കൊടുക്കാൻ സാധിക്കുന്നതിലൂടെ പരിശീലനം കഴിയുമ്പോൾ തന്നെ പ്രമുഖമായ ഐടി കമ്പനികളിൽ അവർക്ക് ജോലി നേടുവാൻ വളരെ വേഗത്തിൽ സഹായകമാകുന്നു.<br><br>സംസ്ഥാനത്തെ പോളിടെക്നിക് കോളേജുകളിൽ ഓപ്ഷണൽ ആയി ആറാം സെമെസ്റ്ററിൽ വിദ്യാർത്ഥി/ വിദ്യാർത്ഥിനികൾക്കായി നടത്തി വരുന്ന ഇന്റേൺഷിപ് പ്രോഗ്രാമിൽ ലോകോകോത്തര നിലവാരമുള്ള ടെക്സാസ് ഇൻസ്ട്രുമെന്റ്സ് പോലെയുള്ള മൾട്ടി നാഷണൽ കമ്പനികളിൽ കുട്ടികൾ സെലക്ടഡ് ആകുകയും, അതിലൂടെ നൂതന സാങ്കേതിക വിജ്ഞാന മേഖലകളിൽ പ്രാവീണ്യം നേടുകയും ഇന്റേൺഷിപ് കഴിയുന്നതോടെ സ്ഥിരജോലിക്കാർ ആകുകയും ചെയ്യുന്നു. കൂടാതെ അഞ്ച് / ആറ് സെമെസ്റ്ററുകളിൽ മൾട്ടി നാഷണൽ കമ്പനികൾ ആയ കേഡൻസ്, തോട്ട് വോർക്സ് തുടങ്ങിയവയിൽ സെൻട്രലൈസ്ഡ് പ്ലേസ്മെന്റ് ഡ്രൈവ് വഴി വിദ്യാർത്ഥി/വിദ്യാർത്ഥിനികളെ സെലക്ട് ചെയ്യുകയും, പഠനശേഷം സ്ഥിരം തൊഴിലിനു മുന്നോടി ആയുള്ള ഇന്റേൺഷിപ്പിന് അവസരം ലഭിക്കുകയും ചെയ്യുന്നു.<br><br>ഒരു ലക്ഷം വിദ്യാർത്ഥികൾക്ക് Internship സാധ്യതകൾ പ്രദാനം ചെയ്യുന്നതിനായി കെൽട്രോണുമായി സഹകരിച്ച് ഇന്റേൺഷിപ്പ് കേരള പോർട്ടൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. Internship certificate അടക്കം എല്ലാ സേവനങ്ങളും ഈ പോർട്ടൽ വഴി കെൽട്രോൺ ലഭ്യമാക്കും.<br><br>എൽ.ബി.എസ്. -ലെ അവസാന വർഷ ബിടെക് വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ് ചെയ്യുവാനുള്ള അവസരം CGPU, KDISC, ASAP, CDAC, ISRO മുതലായ സ്ഥാപനങ്ങൾ മുഖേന നൽകി വരുന്നു.<br><br>മഹാത്മാഗാന്ധി സർവകലാശാലയിൽ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട തൊഴിലവസരങ്ങൾ ലഭിക്കുന്നതിനും ദേശീയതലത്തിലെ |

മത്സരപരീക്ഷകളിൽ മികച്ചപ്രകടനം കാഴ്ചവയ്ക്കുന്നതിനും അനുയോജ്യമായ വിധത്തിൽ കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ 8 പുതിയ പഠനവകുപ്പുകളും 2 അന്തർദേശീയ പഠനകേന്ദ്രങ്ങളും ആരംഭിച്ചിട്ടുണ്ട്. ആർട്ടിഫിഷ്യൽ ഇന്റലിജെന്റ്സ് & റോബോട്ടിക്സ് നാനോസയൻസ് & നാനോടെക്നോളജി, എനർജി മെറ്റീരിയൽസ് ഫുഡ് സയൻസ് ഡേറ്റ അനലിറ്റിക്സ് മുതലായ നൂതന സാങ്കേതികവിദ്യകളിലും, മാറി വരുന്ന വിദ്യാഭ്യാസ സമ്പ്രദായങ്ങൾക്ക് അനുസൃതവുമായും ആയ കോഴ്സുകൾ ആണ് ടി പഠനവകുപ്പുകളിൽ നടത്തപ്പെടുന്നത് .

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല ആയുർവേദ വിഭാഗത്തിന്റെ കീഴിൽ നടത്തുന്ന Diploma in Ayurveda Panchakarma and International Spa Therapy, Postgraduate Diploma in Wellness and Spa Management -ന്റെ ഭാഗമായി അന്താരാഷ്ട്ര തലത്തിൽ ഹോസ്പിറ്റാലിറ്റി മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളിൽ വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പ് പ്രോഗ്രാമുകൾ നടത്തിവരുന്നുണ്ട്.

കുസാറ്റ് വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട തൊഴിൽ പരിശീലനം നൽകുന്നതിനായി വിവിധ വിദേശ സർവ്വകലാശാലകളുമായും ഗവേഷണ സ്ഥാപനങ്ങളുമായും സഹകരിച്ച് ധാരണാ പത്രങ്ങൾ വഴി ഇന്റേൺഷിപ്പ് പ്രോഗ്രാമുകൾ നടത്തുന്നുണ്ട്.

എറണാകുളം ഗവൺമെന്റ് ലോ കോളേജിൽ വിദ്യാർത്ഥി എക്സ്ചേഞ്ച് (Student Exchange) പ്രോഗ്രാമുകളും അധ്യാപക എക്സ്ചേഞ്ച് (Faculty Exchange) പദ്ധതികളും നിർദ്ദേശിച്ചിട്ടുണ്ട്. അമേരിക്കയിലെ ചില സർവകലാശാലകളുമായും അതുപോലെ Common Good Foundation, CNS പോലെയുള്ള അന്താരാഷ്ട്ര എൻ.ജി.ഒ. -കളുമായും സഹകരണം ആരംഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം

## 1.കേരള സർവകലാശാല

കേരള സർവകലാശാല 14 ഓളം വിദേശ രാജ്യങ്ങളുമായി ചേർന്ന് 22 ധാരണാ പത്രങ്ങൾ ഒപ്പുവച്ചിട്ടുണ്ട്. ഇതുവഴി ഗവേഷണ രംഗത്തു മുൻനിരയിൽ നിൽക്കുന്ന അന്താരാഷ്ട്ര സർവകലാശാലകളുമായി യോജിച്ച പ്രവർത്തിക്കുവാനാകും. ഇത് വിദ്യാർത്ഥികൾക്ക് വലിയ രീതിയിലുള്ള സാധ്യതകൾ നൽകുന്നു. Faculty/ Student Exchange Programme -കളുടെ ഭാഗമായി സർവകലാശാലയിലെ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും വിദേശ സർവകലാശാലകളിലേക്ക് വിവിധ ഗവേഷണ/ പഠന സംബന്ധമായ പ്രോഗ്രാമുകളിൽ പങ്കെടുക്കുവാനും അന്താരാഷ്ട്ര നിലവാരത്തിലുള്ള ഗവേഷകരോട് സംവദിക്കുവാനും തിരിച്ചും അവസരം ലഭിക്കുന്നു. കേരളസർവകലാശാലയിലെ വിവിധ പഠന വകുപ്പുകളിൽ നിന്നും ലഭിക്കുന്ന Collaboration proposals സെന്റർ ഫോർ ഗ്ലോബൽ അക്കാഡമിക്സിന്റെയും സർവകലാശാല സിൻഡിക്കേറ്റിന്റെയും അനുമതിയോടുകൂടി ആണ് നടപ്പിലാക്കിയിരുന്നത്. ഇതുമായി ബന്ധപ്പെട്ട് നടപ്പിൽവരുത്തിയ വിദേശ സർവ്വകലാശാലകളുമായുള്ള അക്കാദമിക സഹകരണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | | | | | | |
|---|---|---|---|---|---|---|
| 1 | Teesside University, United Kingdom on the Arts and Humanities Research Council (AHRC) funded network | Centre for Cultural Studies, University of Kerala | Inter national | UK | For collaborating with them in a new interdisciplinary and translational research network, “World making Words: Connecting women’s literary agency, activism and enterprise in South Asia”, funded by the Arts and Humanities Research Council (AHRC) of United Kingdom. | 2024 |
| 2 | United Kingdom Research and Innovation as represented by the British Geological Survey | Department of Geology | Inter national | UK | Enter into a co-operative relationship for the general purpose of promoting research and other collaborative activity for the mutual benefit of the Parties | 2025 |
| 3 | The Chancellor, Masters and Scholars of the University of Cambridge and the University of Kerala | Department of Archaeology | Inter national | UK | Collaboration agreement | 2025 |

**2.** കുസാറ്റ്

കുസാറ്റിൽ വിദേശ സർവ്വകലാശാലകളുടെ സഹകരണത്തോടുകൂടി **1)** International Dual Masters Programme in Management **2)** Dual Masters in Science in New Generation of Electronic Component Base എന്നീ രണ്ട് പ്രോഗ്രാമുകൾ നടത്തി വരുന്നുണ്ട്.

**3.** കണ്ണൂർ സർവകലാശാല

കണ്ണൂർ സർവകലാശാല അക്കാദമിക ഗവേഷണ രംഗങ്ങളിൽ സഹകരണത്തിനായി ചുവടെ ചേർത്തിട്ടുള്ള വിദേശ സർവകലാശാലകൾ/ സ്ഥാപനങ്ങൾ എന്നിവയുമായി ധാരണാപത്രത്തിൽ/ കരാറുകൾ ഒപ്പുവച്ചിട്ടുണ്ട്:-

1. Origon State University College of Forestry, USA
2. University of Erfurt, Germany
3. Atlantic Technological University, ATU Sligo, lreland
4. Modelling for Human & Nature lnteractions Group, University of Geneva, Switzerland
5. Universidad Autonoma D Nuevo Leon, Mexico
6. Maldives National University(MNU), Maldives
7. University of West London, RAK Branch Campus, UAE

**4.** നുവാൽസ്

നവാൽസിൽ  വിദേശ സർവ്വകലാശാലകളുമായുള്ള MOU നടപടികൾ പുരോഗമിക്കുന്നു.

**5. എസ്.എൻ.ഓപ്പൺ യൂണിവേഴ്സിറ്റി**

കേംബ്രിഡ്ജ് സർവകലാശാലയുടെ പ്രസിദ്ധീകരണ സ്ഥാപനമായ കേംബ്രിഡ്ജ് യൂണിവേഴ്സിറ്റി പ്രസ്സ് ആൻഡ് അസ്സസ്സ്മെന്റ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡുമായി സഹകരിച്ച് ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല ഇംഗ്ലീഷ് ഭാഷാ വിഷയത്തിൽ സർട്ടിഫിക്കറ്റ് പ്രോഗ്രാം ആരഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**6. മഹാത്മാഗാന്ധി സർവകലാശാല**

UGC Regulation 2022 (Academic Collaboration between Indian And Foreign Higher Educational Institutions to offer Twinning, Joint Degree, and Dual degree Programmes)-നടപ്പിൽ വരുത്തുന്നതിനായി Mahatma Gandhi University Regulation for Academic Collaboration between Mahatma Gandhi University and Foreign Higher Educational Institutions (to offer Twinning Joint Degree,and Dual Degree Programmes) 2022 പ്രത്യേകമായി രൂപീകരിച്ചിട്ടുണ്ട്. നിലവിൽ മഹാത്മാഗാന്ധി സർവ്വകലാശാല ഗവേഷണവും അക്കാദമിക് സഹകരണവും പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി താഴെ പറയുന്ന വിദേശ സർവ്വകലാശാലകളുമായി ധാരണാപത്രങ്ങൾ ഒപ്പ് വച്ചിട്ടുണ്ട് .

1. Taylor's University, Malaysia &University of Toulouse Jean Jaures, France
2. Institute of Physics Belgrade (IPB), Serbia
3. Ghent University, Belgium
4. Radboud University,The Netherlands
5. M.Auezov South Kazkhstan University, South Kazkhstan
6. Jimma University, Ethiopia
7. Coppin State University, USA
8. James Cook University, Australia
9. Adelphi University College of Education and Health Sciences, USA
10. Hasan Kalayoncu University, Turkey

**7. സംസ്കൃത സർവകലാശാല**

സംസ്കൃത സർവകലാശാല സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു

സർവ്വകലാശാലയിൽ വിദേശവിദ്യാർത്ഥികളുടെ പ്രവേശനം, Student Exchange എന്നിവയുമായി ബന്ധപ്പെട്ട് യു.ജി.സി. മാനദണ്ഡങ്ങൾക്കനുസൃതമായി റെഗുലേഷൻ (Academic Collaborations between SSUS and Foreign Higher Educational Institutions) രൂപീകരിക്കുകയും തുടർപ്രവർത്തനങ്ങൾക്കായി Office of International Affairs (OIA) സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

യൂറോപ്യൻ യൂണിയന്റെ അധ്യാപക-വിദ്യാർത്ഥി കൈമാറ്റത്തിനായുള്ള പ്രശസ്തമായ സാമ്പത്തിക സഹായ പദ്ധതിയായ Erasmus+ സ്കീമിൽ Central European University യുമായി Inter Institutional Agreement-ൽ സർവകലാശാല ഒപ്പ് വയ്ക്കുകയും അതിന്റെ ഭാഗമായി 2025-ൽ സർവകലാശാലയിലെ രണ്ട് ഗവേഷക വിദ്യാർത്ഥികൾക്ക് യൂറോപ്യൻ യൂണിയന്റെ സാമ്പത്തിക സഹായത്തോടെ CEU-യിൽ പഠനം നടത്താൻ അവസരം ലഭിക്കുകയും ചെയ്തു. 2026 വർഷത്തേക്കുള്ള Erasmus+ വിദ്യാർഥി കൈമാറ്റത്തിനായുള്ള നടപടികൾ സർവകലാശാല ആരംഭിച്ചിട്ടുണ്ട് .

അന്താരാഷ്ട്ര അക്കാദമിക് സഹകരണത്തിലെ ഒരു സുപ്രധാന നാഴികക്കല്ല് എന്ന നിലയിൽ, സംസ്കൃത സർവകലാശാല, ഗ്രോണിൻഗെൻ സർവകലാശാല (നെതർലാൻഡ്സ്), ജാഗിയല്ലോണിയൻ സർവകലാശാല (പോളണ്ട്), നാഷണൽ യൂണിവേഴ്സിറ്റി ഓഫ് മെക്സിക്കോ (യുഎൻഎഎം) എന്നിവ ഉൾപ്പെടുന്ന സംയുക്ത സംരംഭമായ ഇറാസ്മസ് മുണ്ടസ് ജോയിന്റ് എംഎ പ്രോഗ്രാം (EMIM)-ന് യൂറോപ്യൻ കമ്മീഷന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രോഗ്രാമിലൂടെ വിദേശ വിദ്യാർഥികൾ ഒരു സെമെസ്റ്ററിൽ പഠനം നടത്തുന്നതിന് സംസ്കൃത സർവകലാശാലയിൽ എത്തുന്നതാണ്. EMJM പ്രോഗ്രാമുമായി ബന്ധപ്പെട്ട ഭരണ-അക്കാദമിക് നടപടിക്രമങ്ങൾ സർവകലാശാലയിൽ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

സംസ്കൃത സർവ്വകലാശാലയും നെതർലൻഡ്സിലെ Groningen യൂണിവേഴ്സിറ്റിയും തമ്മിൽ Student and Faculty exchange-നായി ധാരണപത്രത്തിൽ ഒപ്പ് വയ്ക്കുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്.

സർവകലാശാലയിലെയും മറ്റ് വിദേശ സർവകലാശാലകളിലെ വിദ്യാർത്ഥികൾക്കും പരസ്പരം അക്കാദമിക് ക്രെഡിറ്റുകൾ കൈമാറ്റം ചെയ്യുന്നതിനും സർവകലാശാലയിലെ വിദേശ വിദ്യാർത്ഥി Credit Transfer and Board of Studies Network (BOSN) - Regulation for Collaboration with Higher Education Institutions Abroad നടപ്പിലാക്കിയിട്ടുണ്ട്.

**8.** മലയാളം സർവകലാശാല- വിദേശസർവകലാശാലകളുമായി ചേർന്ന് സംസ്ഥാനത്ത് ഉന്നതപഠനം ആരംഭിക്കുന്നതിനുള്ള നടപടികൾ മലയാളസർവകലാശാല ആരംഭിച്ചിട്ടില്ല.

**9.** കാലിക്കറ്റ് സർവകലാശാല

വിവിധ വിഷയങ്ങളിലെ വിദഗ്ധരെ ക്ഷണിച്ച് വിദ്യാർത്ഥികളും ഗവേഷകരും അധ്യാപകരുമായി സംവദിക്കാനുള്ള അവസരങ്ങൾ ഒരുക്കാൻ 'Frontier Lecture Series' എന്ന പദ്ധതി സർവകലാശാലയിൽ പ്രവർത്തിക്കുന്നുണ്ട് .

വിദേശ സർവകലാശാലകളുമായി ജോയിന്റ് ഡിഗ്രി പ്രോഗ്രാം നടപ്പാക്കുന്നതിന്റെ ഭാഗമായി ജർമ്മനിയിലെ എർഫർട് യൂണിവേഴ്സിറ്റിയുമായി ധാരണപത്രം ഒപ്പിടുകയും ജോയിന്റ് ഡിഗ്രി പ്രോഗ്രാം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

വിദേശ സർവകലാശാലയിൽ നിന്നുള്ള വിദഗ്ധർ, വിവിധ സർവകലാശാല പഠനവകുപ്പുകൾ സന്ദർശിക്കുകയും അവിടെ നടക്കുന്ന സെമിനാർസ് /സിമ്പോസിയ എന്നിവയിൽ ഗവേഷണ പുരോഗതിയെക്കുറിച്ച് സംസാരിക്കാറുണ്ട്. കേന്ദ്രഗവൺമെന്റിന്റെ വിദ്യാഭ്യാസ മന്ത്രാലയത്തിന് കീഴിലുള്ള SPARC – പദ്ധതിയിൽ Linköping University, Sweden, Polytechnic University of Cartagena, Spain എന്നിവിടങ്ങളിൽ നിന്ന് മൂന്ന് ഗവേഷകർ രണ്ടുമാസത്തോളം സർവകലാശാലയിൽ ചെലവിടുകയും, കാലിക്കറ്റ് സർവകലാശാലയിലെ മൂന്ന് ഗവേഷകർ സ്വീഡനിലെ പങ്കാളി സർവകലാശാലയിൽ ഒരു വർഷത്തിലധികം സമയം ഗവേഷണത്തിനായി ചെലവിടുകയും ചെയ്തു.

**10.** കേരള സാങ്കേതിക സർവകലാശാല

സാങ്കേതിക വിദ്യാഭ്യാസ മേഖലയിലെ Teaching and Learning methods പരിഷ്കരിക്കുന്നതിനായി Human Resources Development Centre സർവകലാശാലയിൽ ആരംഭിച്ചിട്ടുണ്ട്. കൂടാതെ വിദേശ യൂണിവേഴ്സിറ്റികളുമായി ചേർന്ന് സംയുക്ത ബിരുദം, ഡ്യുവൽ ഡിഗ്രി പ്രോഗ്രാമുകൾ, വിദ്യാർത്ഥികളുടെ കൈമാറ്റം, അധ്യാപക കൈമാറ്റം, ട്വിന്നിങ് പ്രോഗ്രാമുകൾ തുടങ്ങിയ വിഷയങ്ങളിന്മേലുള്ള ചർച്ചകളും നടപടികളും സർവകലാശാല തലത്തിൽ പുരോഗമിച്ചുവരുന്നു.